# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4855 05.02.2014-ൽ മറുപടിയ്ക്ക്

<u>കൊട്ടിയം കോഴിത്തീറ്റ നിർമ്മാണ ഫാക്ടറി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൊല്ലം ജില്ലയിലെ കൊട്ടിയത്ത് സ്ഥാപിച്ചിട്ടുള്ള കോഴിത്തീറ്റ നിർമ്മാണ ഫാക്ടറിയിൽ എത്ര ടൺ തീറ്റ ഉൽപാദിപ്പിക്കുവാനുള്ള സ്ഥാപിത ശേഷിയാണ് നിലവിലുള്ളത് ; | എ) സ്ഥാപിതശേഷി-മണിക്കൂറിൽ 1 ടൺ, പ്രതിദിനം 8 മണിക്കൂർ നിരക്കിൽ പ്രതിമാസം 240 ടൺ |
| ബി) നിലവിൽ പ്രതിമാസം എത്ര ടൺ തീറ്റ ഉൽപ്പാദിപ്പിക്കുന്നുവെന്ന് അറിയിക്കുമോ ; പ്രസ്തുത ഉൽപ്പാദനം സ്ഥാപിത ശേഷിയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ; | ബി) സ്ഥാപിതശേഷിക്കു തുല്യമായി പ്രതിമാസം 240- ടണ്ണിനും 300 ടണ്ണിനും ഇടയ്ക്ക് ഉത്പാദനം നടക്കുന്നുണ്ട്. |
| സി) പ്രസ്തുത ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന കോഴിത്തീറ്റ വിറ്റഴിക്കുവാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ് ; വ്യക്തമാക്കാമോ ; | സി) ഈ ഫാക്ടറിയിൽ നിന്നും കോഴിത്തീറ്റ വിറ്റഴിക്കപ്പെടുന്നില്ല.<br>ഉത്പാദിപ്പിക്കപ്പെടുന്ന തീറ്റ കെ.എസ്.പി.ഡി.സി യുടെ ഏകദേശം 80-ഓളം വരുന്ന ഇന്റഗ്രേഷൻ ഫാമുകളിലെ കർഷകർക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. |
| ഡി) മുൻകാലങ്ങളെ അപേക്ഷിച്ച് തീറ്റ ഉൽപ്പാദനം കുറവാണെങ്കിൽ ആയത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ? | ഡി) മുൻകാലങ്ങളെ അപേക്ഷിച്ച് തീറ്റ ഉൽപ്പാദനം കുറവല്ല. |

Seela

സെക്ഷൻ ഓഫീസർ